പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1501 | 11/06/2019 ൽ മറുപടിക്ക്

## കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക

| ചോദ്യം<br>ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് വിതരണം ചെയ്യാനായി കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക വ്യാജരേഖ ചമച്ച് തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം തട്ടിപ്പ് നടത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം അറിയിക്കുമോ? | (ബി) | പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള വിഷു സമാശ്വാസ ധനസഹായത്തിൽ ക്രമക്കേട് നടത്തിയ പഞ്ചായത്ത് വകുപ്പിൽ നിന്നും കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന ക്ലാർക്ക് ശ്രീ.ജെ. മണികണ്ഠനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/05/2019 ലെ ഇ/2689/16 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. കൂടാതെ ടി ക്രമക്കേടിൽ ശ്രീ.ജെ. മണികണ്ഠനോടൊപ്പം നേരിട്ട് പങ്കാളികളായ ശ്രീമതി. രാജിമോൾ, കുമാരി. ആശ, ശ്രീ.അനിൽകുമാർ (ദിവസവേതനക്കാർ) എന്നിവരെ ബോർഡിലെ സേവനത്തിൽ നിന്നും പിരിച്ചു വിട്ടു. കൂടാതെ ടി സാമ്പത്തിക ക്രമക്കേട് ക്രിമിനൽ കുറ്റമായതിനാൽ കുറ്റകൃത്യം നടന്ന വിതരണ കേന്ദ്രത്തിന്റെ പരിധിയിലുള്ള (കൊട്ടിയം, ചാത്തന്നൂർ, കുണ്ടറ, കൊട്ടാരക്കര) പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ